(എഫ്) സഹകരണവും പങ്കാളിത്തവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) ജനകീയാസൂത്രണ പദ്ധതിയുടെ സെക്ടറൽ അലോക്കേഷനിൽ തുടർ വിദ്യാഭ്യാസത്തിന് തുക വയിരുത്തുവാൻ പ്ലാനിംഗ് ബോർഡിൽ സമ്മർദ്ദം ചെലുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെന്ററുകൾ പ്രവർത്തിക്കുന്നു.

(ബി) ഈ പരിപാടിക്ക് ദേശീയ സാക്ഷരതാമിഷനിൽ നിന്നു മാത്രമാണ് സഹായം ലഭിക്കുന്നത്.

(സി) ആവശ്യമായി വരുന്ന പക്ഷം നടപടി സ്വീകരിക്കും.

(ഡി) സാക്ഷരതാമിഷൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിവിധ വിഷയങ്ങളിലായി 83 പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. പൊതുവെ സഹായകമായ നിലപാടാണ്.

(എഫ്) നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചിട്ടുണ്ട്.

(ജി) അതിനുള്ള നിർദ്ദേശങ്ങൾ സാക്ഷരതാമിഷൻ സമർപ്പിച്ചാൽ സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

മത്സ്യസംസ്കരണ കയറ്റുമതി വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ നടപടി

15 (T *693) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യസംസ്ക്കരണ കയറ്റുമതി വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകർ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) വൻതോതിൽ വിദേശനാണ്യം നേടിത്തരുന്ന ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി പുതിയ സംരംഭകർക്ക് എന്തെങ്കിലും സൗകര്യങ്ങൾ സർക്കാർ ഏർപ്പെടുത്തി വരുന്നുണ്ടോ ;

(ഇ) എങ്കിൽ കഴിഞ്ഞ 4 വർഷക്കാലമായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ;

(എഫ്) വൻതോതിൽ തൊഴിൽ സാദ്ധ്യത പ്രദാനം ചെയ്യുന്ന പ്രസ്തുത മേഖലയിൽ മത്സ്യബന്ധനം, സംസ്കരണം, പ്രീപ്രോസസിംഗ് തുടങ്ങിയ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും സാങ്കേതിക വിദഗ്ധർക്കും പരിശീലനം നൽകുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടികെ. രാമകൃഷ്ണൻ) :

(എ) മത്സ്യസംസ്ക്കരണ കയറ്റുമതി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഉൽപ്പന്നങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുവാനും, മത്സ്യസംസ്ക്കരണത്തിൽ അന്താരാഷ്ട്രഗുണനിലവാരം ഉറപ്പാക്കുവാനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി കിൻഫ്ര, സമുദ്രോത്പ്പന്ന കയറ്റുമതി വികസന അതോറിറ്റിയുമായി ചേർന്ന് ആലപ്പുഴ ജില്ലയിലെ അരൂരിൽ 'മറൈൻ പ്രോഡക്ട് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി പ്രോജക്ട്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2. വലിയതും യന്ത്രവൽക്കൃതവുമായ മത്സ്യ ബന്ധനയാനങ്ങളിൽ ഫിഷ്ഫൈൻഡർ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, റേഡിയോ, ടെലിഫോൺ എന്നിവ സ്ഥാപിക്കുവാൻ സമുദ്രോത്പ്പാദന കയറ്റുമതി വികസന അതോറിറ്റി വഴി ധനസഹായം ലഭ്യമാക്കി വരുന്നു.

3. മത്സ്യ സംസ്ക്കരണശാലകളിൽ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമുള്ള പരീക്ഷണശാലകൾ സ്ഥാപിക്കുവാൻ സബ്സിഡിയോടുകൂടിയുള്ള ധനസഹായം ലഭ്യമാക്കിവരുന്നു.

4. യന്ത്രവൽകൃത മത്സ്യബന്ധനയാനങ്ങളിലെ ജീവനക്കാർക്കും, മത്സ്യസംസ്ക്കരണ ശാലകളിലെ സാങ്കേതിക വിദഗ്ധർക്കും ആവശ്യമായ പരിശീലനം ലഭ്യമാക്കിവരുന്നു.

(ബി) ഉണ്ട്, 457.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ഉണ്ട്, ആലപ്പുഴ ജില്ലയിലെ അരൂരിൽ നടപ്പിലാക്കി വരുന്ന 'മറൈൻ പ്രോഡക്ട് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി പ്രോജക്ട്' മുഖേന കുറഞ്ഞത് 10 പ്രോസസർമാർക്ക് പ്രയോജനം ലഭിക്കുന്നതാണ്. കൂടാതെ പുതിയ സംസ്ക്കരണശാലകൾ സ്ഥാപിക്കുന്നതിന് പുതിയ സംരംഭകർക്ക് സമുദ്രോത്പ്പന്നകയറ്റുമതി വികസന അതോറിറ്റിയും സർക്കാരും ധനസഹായം ലഭ്യമാക്കിവരുന്നു.

(ഇ) എ മുതൽ ഡി വരെയുള്ള മറുപടികണ്ടാലും.

(എഫ് & ജി) ഉണ്ട്, യന്ത്രവൽകൃത മത്സ്യ ബന്ധനയാനങ്ങളിലെ ജീവനക്കാർക്ക് ഫിഷ് ഫൈൻഡർ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, റോഡിയോ, ടെലിഫോൺ എന്നീ ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകിവരുന്നു. അതുപോലെ മത്സ്യസംസ്ക്കരണ ശാലകളിലെ സാങ്കേതിക വിദഗ്ധർക്ക് എച്ച്.എ.സി.സി.പി. എന്ന സിസ്റ്റത്തിൽ പരിശീലനം നൽകി വരുന്നു.

യു.ടി.സി. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ

16 (*694) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് കേന്ദ്രഗവൺമെന്റിൽ നിന്നും യു.ജി.സി.യിൽ നിന്നും ലഭിക്കുന്നത് ;

(ബി) ഈ ആനുകൂല്യം നേടുമ്പോൾ അതിനോടനുബന്ധിച്ച് എന്തെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കേണ്ടത് ;

(സി) ഈ വ്യവസ്ഥകൾ നടപ്പാക്കാനുള്ള ബാദ്ധ്യത ആർക്കാണെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) യു.ജി.സി. ശമ്പള പരിഷ്ക്കരണത്തോടൊപ്പം സ്കീം നടപ്പിലാക്കുമ്പോൾ 1-1-1998 മുതൽ 31-3-2000 വരെ വേണ്ടിവരുന്ന അധിക സാമ്പത്തിക ബാദ്ധ്യതയുടെ 80 ശതമാനം കേന്ദ്ര സർക്കാർ നൽകാമെന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്.

(ബി) ഇതിനോടനുബന്ധിച്ച് നിരവധി വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. 21-12-1999ലെ ജി.ഒ. (പി) നം.171/99/ഉ.വി.വ. ഉത്തരവിൽ പ്രസ്തുത വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) നടപ്പാക്കാനുള്ള ബാദ്ധ്യത സർക്കാരിനാണ്.

LIBRARY ARCHIVES Kerala Legislative Assembly